*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25,Ph: 0484 2806262, kcbcshv@gmail.com

155th Issue - Volume 4, No. 36 ജാഗ്രത 15th October 2010

"Let nothing disturb thee; Let nothing dismay thee; All thing pass; God never changes. Patience attains All that it strives for. He who has God Finds he lacks nothing:God alone suffices."

St. Teresa of Avila

**Commission Chairman**
Rt. Rev. Dr. Stanley Roman

**Vice-Chairmen**
Moran Mor Baselius Cleemis Catholicos
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

**Commission Secretary**
Fr. Johny Kochuparambil



ST. TERESA OF AVILA

## പ്രധാന വാർത്തകൾ

രാഷ്ട്രനിർമിതിയിൽ ഇടപെടാനുള്ള അവകാശം നിഷേധിക്കാനാവില്ല: ചങ്ങനാശേരി അതിരൂപത

---

ദൈവാനുഗ്രഹം നിക്ഷിപ്ത താല്പര്യങ്ങൾക്ക് ഉപയോഗിക്കരുത്: ആർച്ച് ബിഷപ് ഡോ. സൂസാപാക്യം

---

ക്രിസ്തീയ മൂല്യങ്ങളുടെ വാഹകരാകുക:
മാർ വർക്കി വിതയത്തിൽ

---

വിശ്വാസിസമൂഹം പ്രേഷിതരാകാൻ വിളിക്കപ്പെട്ടവർ:
ആർച്ച് ബിഷപ് സാൽവത്തോരെ പെനാക്കിയോ

## രാഷ്ട്രനിർമിതിയിൽ ഇടപെടാനുള്ള അവകാശം നിഷേധിക്കാനാവില്ല: ചങ്ങനാശേരി അതിരൂപത



സാമൂഹ്യരാഷ്ട്രനിർമിതിയിൽ ജനാധിപത്യപരമായി ഇടപെടാനുള്ള അവകാശം ഒരു മതസമുദായത്തിനും നിഷേധിക്കാൻ ഇവിടെ ആർക്കും അവകാശമില്ലെന്ന് ചങ്ങനാശേരി അതിരൂപത വക്താവ് ഫാ. മാണി പുതിയിടം പ്രസ്താവനയിൽ ചൂണ്ടിക്കാട്ടി. മതസമുദായങ്ങൾ സാമൂഹ്യ രാഷ്ട്രനിർമിതിയിൽ ഇടപെട്ടതുകൊണ്ടാണ് കേരള സംസ്ഥാനം 33 വർഷമായി പാർട്ടി ഭരിക്കുന്ന പശ്ചിമബംഗാൾ പോലെ ഒരു പിന്നോക്ക സംസ്ഥാനമായി മാറാതിരുന്നതെന്ന് പാർട്ടി സംസ്ഥാന സെക്രട്ടറിയും നേതാക്കന്മാരും ഓർക്കണം. ഇന്ത്യ ഒരു കമ്യൂണിസ്റ്റ് രാജ്യമല്ല ജനാധിപത്യരാജ്യമാണെന്ന കാര്യം വിസ്മരിക്കരുത്. മതം വർഗീയത വളർത്തുമെന്ന ഭീതി പരത്താനാണ് പാർട്ടി സെക്രട്ടറി ശ്രമിക്കുന്നത്. രാഷ്ട്രനിർമിതിയിലും സാമൂഹ്യവളർച്ചയിലുമുള്ള മതത്തിന്റെ ഇടപെടലുകൾ വർഗീയത വളർത്തുമെന്ന് ഭയപ്പെടുത്തി മതവിശ്വാസത്തെ സാമൂഹ്യരംഗത്തുനിന്നും ഒഴിവാക്കാനുള്ള പ്രചരണമാണു നടക്കുന്നത്. മതനേതാക്കളെ നിശബ്ദമാക്കാനുള്ള തന്ത്രത്തിൽ പ്രബുദ്ധമായ കേരള സമൂഹം വീഴുമെന്നു കരുതേണ്ട മെത്രാന്മാരെ രണ്ടു തട്ടിലാക്കാമെന്നു കരുതുന്നത് വെറും വ്യാമോഹമാണ്. മാർക്സിസ്റ്റ് പാർട്ടിയംഗങ്ങൾ മതവിശ്വാസം വെടിയണമെന്നു തന്നെയാണ് ജനറൽ സെക്രട്ടറി പ്രകാശ്കാരോട്ട് പാർട്ടി പത്രത്തിലെഴുതിയ ലേഖനത്തിൽ പറയുന്നത്. എന്നാൽ, സംസ്ഥാന സെക്രട്ടറി പറയുന്നു. പാർട്ടി മതത്തിനെതിരല്ല എന്ന്! ആരുടെ നിലപാടാണ് പാർട്ടിയുടേതെന്ന് വ്യക്തമാക്കണം. പാർട്ടിയംഗങ്ങൾ മതവിശ്വാസം തള്ളിപ്പറയേണ്ട, ദൈവനാമത്തിൽ സത്യപ്രതിജ്ഞ ചെയ്യാൻ പോലും അനുവദിക്കാത്ത പാർട്ടി മതവിശ്വാസത്തിനെതിരല്ല എന്നു പറയുന്നതും ആ പാർട്ടിയെ മതേതരപാർട്ടി എന്നു വിശേഷിപ്പിക്കുന്നതും വിചിത്രമാണ്. ഭരണഘടനാപരമായ മതേതരത്വത്തെയും ജനാധിപത്യത്തെയും ശക്തിപ്പെടുത്തുന്ന ഇടയലേഖനങ്ങൾ മതത്തിന്റെ രാഷ്ട്രീയത്തിലുള്ള ഇടപെടലാണെന്നുള്ള പാർട്ടിയുടെ പ്രചരണത്തെ തെരഞ്ഞെടുപ്പു കമ്മീഷൻ തള്ളിക്കളഞ്ഞതായിട്ടാണ് കാണുന്നത്. അതുകൊണ്ടാണ് പാർട്ടിയുടെ സമ്മർദനമുണ്ടായിട്ടും വിശദീകരണം ആരാഞ്ഞുകൊണ്ടുള്ള കത്തുപോലും നൽകാൻ കമ്മീഷൻ തയാറാകാതിരുന്നത് പ്രസ്താവന ചൂണ്ടിക്കാട്ടി.

## ദൈവാനുഗ്രഹം നിക്ഷിപ്ത താല്പര്യങ്ങൾക്ക് ഉപയോഗിക്കരുത്:

**ആർച്ച് ബിഷപ് ഡോ. സൂസാപാക്യം**



ദൈവാനുഗ്രഹം നിക്ഷിപ്ത താല്പര്യത്തിന് ഉപയോഗിക്കാതെ ശുശ്രൂഷയിലൂടെ വിനിയോഗിച്ചാൽ അനേകരെ സ്നേഹമാർഗത്തിലൂടെ നയിക്കാനാകുമെന്ന് ആർച്ച് ബിഷപ് ഡോ.എം.സൂസാപാക്യം. യുണൈറ്റഡ് ക്രിസ്ത്യൻ മൂവ്മെന്റ് തിരുവനന്തപുരം ജില്ലാ വൈദിക കോൺഫറൻസ് പാളയം ക്രൈസ്റ്റ് ചർച്ച് സെന്റിനറി ഹാളിൽ ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു ആർച്ച് ബിഷപ്. സഭാശുശ്രൂഷകർക്ക് ദൈവത്തിൽ നിന്ന് എത്രയോ അനുഗ്രഹം ലഭിച്ചുകൊണ്ടിരിക്കുന്നു. ചിലർ ദൈവാനുഗ്രഹങ്ങളെ നിക്ഷിപ്ത താല്പര്യങ്ങൾക്കായി ഉപയോഗിക്കുന്നു. രക്ഷയുടെ അനുഭവത്തിൽ വളർന്നു വികസിക്കാൻ ഒരുക്കമുള്ളവരായിത്തീരണമെന്ന് സഭാശുശ്രൂഷകരെ ആർച്ച് ബിഷപ് സൂസാപാക്യം ഉദ്ബോധിപ്പിച്ചു. പാശ്ചാത്യ ലോകത്ത് നിരീശ്വര പ്രസ്ഥാനങ്ങൾ തകർന്നടിയുമ്പോൾ കേരളത്തിൽ ആ പ്രസ്ഥാനങ്ങൾ വളർന്നു തഴയ്ക്കുന്നെങ്കിൽ ക്രൈസ്തവ അനൈക്യമാണ് കാരണമെന്നു തോന്നുന്നതായി മലങ്കര കത്തോലിക്ക സഭാ കൂരിയ മെത്രാൻ ഡോ.തോമസ് മാർ അന്തോണിയോസ് അധ്യക്ഷ പ്രസംഗത്തിൽ പറഞ്ഞു. പൗരോഹിത്യത്തെ കളങ്കപ്പെടുത്തുകയും പിച്ചിച്ചീന്തുകയും ചെയ്യുന്ന പ്രവർത്തന പദ്ധതിയാണ് പലയിടത്തും ആസൂത്രണം ചെയ്യുന്നതെന്ന് മലങ്കര കത്തോലിക്ക സഭാ മേജർ അതിരൂപത സഹായ മെത്രാൻ ഡോ.സാമുവൽ മാർ ഐറേനിയോസ് പറഞ്ഞു. മെത്രാന്മാരേയും വൈദികരേയും പുലഭ്യം പറഞ്ഞ് പൗരോഹിത്യത്തിന്റെ ശക്തി ഇല്ലാതാക്കുകയാണ് ചെയ്യുന്നത്. സ്നേഹത്തിന്റെ താളംകൊണ്ട് നമ്മുടെ പ്രവർത്തനങ്ങളെ ചിട്ടപ്പെടുത്തണമെന്ന് അദ്ദേഹം നിർദേശിച്ചു. സാക്ഷ്യമുള്ള വിശ്വാസിസമൂഹത്തെ വളർത്തിയെടുക്കാൻ കഴിഞ്ഞില്ലെങ്കിൽ പുരോഹിത ശുശ്രൂഷകൊണ്ട് അർഥമില്ലെന്ന് ഡൽഹി സെന്റ് സ്റ്റീഫൻസ് കോളജ് പ്രിൻസിപ്പൽ റവ. ഡോ. വത്സൻ തമ്പു പറഞ്ഞു. വിശ്വാസികളുടെ ആത്മീയാവശ്യങ്ങൾ നടത്തിക്കൊടുക്കുന്ന യന്ത്രങ്ങളായി മാറാതെ ആവശ്യങ്ങൾ ന്യായമാണോയെന്ന് ചിന്തിക്കാൻ വൈദികർക്കു കഴിയണമെന്ന് മുഖ്യപ്രഭാഷണവും ക്ലാസും നയിച്ച കോട്ടയം എം.ടി സെമിനാരിയിലെ പ്രഫസർ റവ. ഡോ.കെ.എ അബ്രഹാം പറഞ്ഞു.യു.സി.എം പ്രസിഡന്റ്

ഷെവലിയർ കോശി എം. ജോർജ്, സെക്രട്ടറി ഏയ്ഞ്ചൽ മ്യൂസ്, റവ. ഡോ മാത്യുമാത്യു, റവ. ഡോ. കെ.കെ കോശി, റവ.ഡോ. നൈനാൻ തരകൻ, റവ.ഡോ. ജേക്കബ് വർഗീസ്, റവ.മാത്യു ജോൺ, റവ.അജിത്, ഫാ. ജോസഫ് സാമുവൽ കറുകയിൽ, ഫാ.ടി.ജെ അലക്സാണ്ടർ, അഡ്വ.തോമസ്.കെ തോമസ്, കമാണ്ടർ ജേക്കബ് മലയാട്ട്, ഡോ.ജോൺ ചെറിയാൻ, കേണൽ സി.എസ് സാമുവൽ എന്നിവർ പ്രസംഗിച്ചു. വിവിധ സഭകളിൽ നിന്നായി വൈദികരും അത്മായ നേതാക്കളും പങ്കെടുത്തു.

### ക്രിസ്തീയ മൂല്യങ്ങളുടെ വാഹകരാകുക: മാർ വർക്കി വിതയത്തിൽ


---



അധികാരത്തെക്കാൾ സേവനമാണ് സഭയുടെ സാക്ഷ്യമെന്നും കുരിശു വഹിക്കാനുള്ള സന്നദ്ധത ക്രൈസ്തവ ജീവിതത്തിന്റെ ഭാഗമാണെന്നും സീറോ മലബാർ സഭ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ വർക്കി വിതയത്തിൽ. കാക്കനാട്ട് അല്മായ കമ്മീഷന്റെ ആഭിമുഖ്യത്തിൽ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറിമാരുടെയും അല്മായ നേതാക്കളുടെയും വനിതാ പ്രതിനിധികളുടെയും ദ്വിദിന നേതൃസമ്മേളനത്തിൽ സമാപനസന്ദേശം നല്കുകയായിരുന്നു അദ്ദേഹം. സഭയും ക്രിസ്തുവും വിഭിന്നമല്ല. ക്രിസ്തുവിന്റെ മഹത്തായ സ്നേഹവും സാഹോദര്യവും അനുദിനജീവിതത്തിൽ പുലർത്തുക എന്നതാണു ക്രൈസ്തവന്റെ ലക്ഷ്യം. ഇതിനെ വ്യത്യസ്തമായി ചിത്രീകരിക്കുന്നവരുടെ ദുരുദ്ദേശ്യം തിരിച്ചറിയണം - കർദിനാൾ പറഞ്ഞു. മതങ്ങൾ തമ്മിലുള്ള ബന്ധങ്ങൾ ഊട്ടി ഉറപ്പിക്കാനുള്ള പരിശ്രമങ്ങളിൽ ക്രൈസ്തവർ സജീവമായി ഇടപെടണമെന്നും മതങ്ങളെ തമ്മിൽ അകറ്റുന്നതിനുള്ള കുത്സിതശ്രമങ്ങളെ വിശ്വാസികൾ തിരിച്ചറിയണമെന്നും സമാപന സമ്മേളനം ഉദ്ഘാടനം ചെയ്ത എറണാകുളം-അങ്കമാലി അതിരൂപതാ സഹായമെത്രാൻ മാർ തോമസ് ചക്യത്ത് ആഹ്വാനം ചെയ്തു. അല്മായ കമ്മീഷൻ ചെയർമാൻ ബിഷപ് മാർ മാത്യു അറയ്ക്കൽ അധ്യക്ഷത വഹിച്ചു. സഭയുടെ അടിസ്ഥാന ശക്തി അല്മായരാണെന്നു അദ്ദേഹം ഓർമിപ്പിച്ചു. വിദ്യാഭ്യാസം, ആതുരശുശ്രൂഷ, കാർഷികവൃത്തി തുടങ്ങി വിവിധമേഖലകളിൽ ക്രൈസ്തവസമൂഹം ചെയ്യുന്ന സേവനങ്ങൾ അമൂല്യമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

### വിശ്വാസിസമൂഹം പ്രേഷിതരാകാൻ വിളിക്കപ്പെട്ടവർ: ആർച്ച് ബിഷപ് സാൽവത്തോരെ പെനാക്കിയോ

---



വിശുദ്ധ അന്ത്രയോസിനേപ്പോലെ ക്രിസ്തുവിനു വേണ്ടി ജീവിക്കുന്ന പ്രേഷിതരാകാൻ വിളിക്കപ്പെട്ടവരാണ് വിശ്വാസിസമൂഹമെന്ന് വത്തിക്കാൻ സ്ഥാനപതി ആർച്ച് ബിഷപ് ഡോ. സാൽവത്തോരെ പെനാക്കിയോ. അർത്തുങ്കൽ സെന്റ് ആൻഡ്രൂസ് ഫൊറോനാ പള്ളിയെ ബസിലിക്കയായി ഉയർത്തിയ ഔദ്യോഗിക പ്രഖ്യാപനത്തിനു ശേഷം നടന്ന ദിവ്യബലിയിൽ സന്ദേശം നൽകുകയായിരുന്നു അദ്ദേഹം. മറ്റുള്ളവരുടെ ആവശ്യങ്ങളേക്കുറിച്ച് ശ്രദ്ധാലുക്കളാകാനും അവരെ സഹായിക്കാനും വിശ്വാസസമൂഹം മുൻകൈ യെടുക്കണം. അസാധാരണമായ പ്രേഷിത തീക്ഷ്ണത വെളിപ്പെടുത്തിയ ആളായിരുന്നു വിശുദ്ധ അന്ത്രയോസെന്ന് ബെനഡിക്ട് പതിനാറാമൻ മാർപ്പാപ്പ പറഞ്ഞിരുന്നതായി ആർച്ച്ബിഷപ് അനുസ്മരിച്ചു. ജീവൻ പകരുന്ന ദേവാലയം ജീവസുറ്റതാകണമെന്നും അദ്ദേഹം പറഞ്ഞു. എല്ലാവരേയും സഹോദരന്മാരായി കാണുന്ന ശൈലി വളർന്നുവരേണ്ടതാണെന്ന് ദിവ്യബലിക്കു ശേഷം നടന്ന പൊതുസമ്മേളനത്തിലെ അധ്യക്ഷ പ്രസംഗത്തിൽ ആർച്ച് ബിഷപ് ഡോ. ഫ്രാൻസിസ് കല്ലറയ്ക്കൽ പറഞ്ഞു. ദൈവ സാന്നിധ്യമുണ്ടെങ്കിലേ ദേവാലയം ദേവാലയമായി മാറൂയെന്ന് പൊതുസമ്മേളനം ഉദ്ഘാടനം ചെയ്ത ആർച്ച് ബിഷപ് ഡോ. സൂസപാക്യം പറഞ്ഞു. അർത്തുങ്കൽ ദൈവാനുഗ്രഹം നിറഞ്ഞ പ്രദേശമാണ്. ഈ ദൈവാനുഭവം ദേവാലയത്തിൽ വരുന്നവർക്കും അനുഭവിക്കാനാകണം. ദേവാലയത്തിനുള്ളിൽ എന്തുമാകാമെന്ന സ്ഥിതി അനുവദിക്കാനാവില്ലെന്നും അദ്ദേഹം പറഞ്ഞു.


JAGRATHA News

“Jagratha News” - An internet news service is free and for private circulation

Web: www.kcbcsocialharmony.org, Blog: jagrathakcbc.blogspot.com

Designed and Edited by Fr. Johny Kochuparambil, Secretary, KCBC Commission for Social Harmony and Vigilance, P.O.C, P.B. No. 2251, Palarivattom, Kochi-25, INDIA


******